ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സർവീസ് നവീകരിക്കുന്നതിന്റെ ഭാഗമായി 2002-2003 സാമ്പത്തിക വർഷം 7,42,29,000 രൂപയുടേയും 2003-2004 വർഷം 8 കോടി രൂപയുടേയും 2004-2005 സാമ്പത്തിക വർഷം നാളിതുവരെ 2,26,00,000 രൂപയുടേയും അഗ്നിശമന സുരക്ഷാ ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങിയിട്ടുണ്ട്. വകുപ്പ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) ഇല്ല. നടപ്പു സാമ്പത്തിക വർഷം ആയതിനുള്ള ഉപകരണങ്ങളായ സ്കൈലിഫ്റ്റ്, ഹൈഡ്രോളിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലുണ്ടായ തീപിടുത്തം

42 [853] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം കാമ്പസിൽ പ്രവർത്തിച്ചുവരുന്ന കേരള സർവകലാശാല ബയോ ടെക്നോളജി വകുപ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഉണ്ടായ തീപിടുത്തത്തെക്കുറിച്ച് സംസ്ഥാന പോലീസ് നടത്തിയ അന്വേഷണം പൂർത്തിയായോ;

(ബി) ലാബിലുണ്ടായ തീപിടുത്തത്തിൽ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇതിൻമേൽ പോലീസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഏകദേശം 25 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എഫ്. എസ്. എൽ. പരിശോധനാ റിപ്പോർട്ട് കിട്ടിയാലുടൻ ടി കേസിന്റെ അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

ജയിലുകളിലെ സംഘട്ടനങ്ങൾ

43 [854] ശ്രീ. എഴുകോൺ നാരായണൻ:

,, എ. പി. അനിൽകുമാർ:

,, എ. സുജനപാൽ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം ജയിലുകളിൽ സംഘട്ടനമുണ്ടായിട്ടുണ്ട്;

(ബി) ഈ സംഘട്ടനങ്ങളിൽ എത്രപേർ മരിക്കുകയും എത്രപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്;

(സി) 2004 ഏപ്രിലിൽ കണ്ണൂർ സെൻട്രൽ ജയിലിൽ നടന്ന ഏറ്റുമുട്ടലിൽ എത്രപേർ മരിച്ചു; എത്ര പേർക്ക് പരിക്കേറ്റു;

(ഡി) ഈ സംഭവത്തിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഇ) ഈ സംഭവത്തിന് മുൻപ് മുതൽ തന്നെ കണ്ണൂർ സെൻട്രൽ ജയിലിൽ സംഘർഷാവസ്ഥ നിലനിന്നിരുന്നുവോ;

(എഫ്) എങ്കിൽ സംഘർഷത്തിൽ പങ്കുള്ളവരിൽ ഒരു വിഭാഗത്തെ മറ്റു ജയിലുകളിലേക്ക് മാറ്റാതിരുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ സെൻട്രൽ ജയിലിലും വിയ്യൂർ സെൻട്രൽ ജയിലിലും സംഘട്ടനമുണ്ടായിട്ടുണ്ട്.

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ ഒരാൾ മരിക്കുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ മൂന്നു തടവുകാർക്ക് നിസ്സാരപരിക്കേറ്റിട്ടുണ്ട്.

(സി) ഒരാൾ മരിക്കുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തടവുകാർ തമ്മിലുള്ള സംഘർഷം നിയന്ത്രണാതീതമായി വന്നതിനാൽ നിലവിലുള്ള വാർഡർ സ്റ്റാഫിന് സംഘർഷം നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

(ഇ) വിവിധ രാഷ്ട്രീയ അനുഭാവികളായുള്ള തടവുകാർ തമ്മിൽ പ്രശ്നങ്ങളും സംഘർഷങ്ങളും ഉണ്ടാകുമായിരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly